# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

**ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in**


## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 20/2021 (**ചൊവ്വാഴ്ച**)** **തീയ്യതി: 09.03.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 10.03.2021 | 11.03.2021 | 12.03.2021 | 13.03.2021 | 14.03.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 0 | 1 | 1 | 0 | 0 |
| ഉയർന്ന താപനില (°C) | 36 | 37 | 37 | 37 | 37 |
| കുറഞ്ഞ താപനില (°C) | 26 | 25 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 83 | 83 | 83 | 83 | 83 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 28 | 28 | 28 | 28 | 28 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 12 | 10 | 10 | 14 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 90 | 90 | 90 | 90 |
| മേഘവ്യാപ്തി (ഒക്ട) | 7 | 8 | 6 | 1 | 1 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വളരെ നേരിയ മഴയ്ക്ക് സാധ്യത. കൂടിയ താപനില 37°C വരെയും കുറഞ്ഞ താപനില 26°C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: അന്തരീക്ഷ താപനില കൂടിവരുന്നതിനാൽ വിളകൾക്ക് സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങളിലൂടെ ജലസേചനം നൽകുക. പുതയിടൽ പോലുള്ള വരൾച്ചാ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | വെള്ളീച്ച | വരണ്ടകാലാവസ്ഥയിൽ തെങ്ങോലകളിൽ കാണുന്ന വെള്ളീച്ചകളെ നിയന്ത്രിക്കാൻ പ്രകൃതിയിൽ മിത്രകീടങ്ങൾ ഉള്ളതിനാൽ കീടനാശിനിപ്രയോഗം ഒഴിവാക്കുക. വെള്ളീച്ചകളുടെ ആക്രമണം രൂക്ഷമാകുന്നുവെങ്കിൽ 1% വീര്യമുള്ള അസാഡിറാക്ടിൻ (2ml/L) ഇലകളിൽ പതിയത്തക്കവണ്ണം തളിച്ചു കൊടുക്കാവുന്നതാണ്. വരണ്ട കാലാവസ്ഥയിൽ തെങ്ങോലയിൽ കാണുന്ന കരിംപൂപ്പ്തടയുന്നതിനായി കഞ്ഞിവെള്ളം തളിച്ച്കൊടുക്കാവുന്നതാണ്. |
| വിളകൾ | ജല സംരക്ഷണം | ചൂട് കൂടുന്നതിനാലും ജലദൗർലഭ്യം ഉണ്ടാകാൻ ഇടയുള്ളതിനാലും വിളകളിൽ ജലാംശം നിലനിർത്തുന്നതിനായി ഹൈഡ്രോജെൽ ക്യാപ്സൂളുകൾ ഉപയോഗിക്കാവുന്നതാണ്. ഈ ക്യാപ്സൂളുകൾ പച്ചക്കറികൾക്ക് 4, വാഴയ്ക്ക് 8, കവുങ്ങിന് 10, തെങ്ങൊന്നിന് 20 എന്ന കണക്കിൽ വേരുകളോട് ചേർന്ന് മണ്ണിൽ ഇറക്കി വയ്ക്കുക. ശേഷം വിളകൾ ആവശ്യാനുസരണം നനച്ചു കൊടുക്കുക. ഇതിലൂടെ രണ്ടു നനകൾക്കിടയിലുള്ള കാലയളവ് കൂട്ടാനും ലഭ്യമായ ജലം പരമാവധി ഉപയോഗപ്പെടുത്താനും സാധിക്കുന്നു. |
| വാഴ | പിണ്ടിപ്പുഴു | പിണ്ടിപ്പുഴുവിന്റെ ആക്രമണം കുറയ്ക്കാൻ ബ്യുവേറിയ ബാസ്സിയാന 20 ഗ്രാം/ലിറ്റർ എന്ന തോതിൽ കലക്കി ഇല കവിളുകളിൽ തളിച്ച് കൊടുക്കുക. |
| കന്നുകാലികൾ | സംരക്ഷണം | കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്ത് 9 മണിക്ക് മുൻപോ വൈകുന്നേരം 4 മണിക്ക് ശേഷമോമാത്രം മേയാൻ അനുവദിക്കുക. അതിൽ വൈകുന്നേരം മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്. |